പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* 450 27/06/2014-ൽ മറുപടിക്ക്

"പഞ്ചായത്തുകളിലെ പൊതുശ്മശാനങ്ങൾ"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.എം. ഹംസ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ആലോചന നടത്തിയിട്ടുണ്ടോ ; | (എ യും, (ബി യും) | പരിശോധിച്ചിട്ടുണ്ട്.<br>എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പു വരുത്തുന്നതിലേക്ക് സർക്കാർ പദ്ധതി ധനസഹായം നൽകി വരുന്നുണ്ട്.<br>2011-12 സാമ്പത്തിക വർഷത്തിൽ ശ്മശാന നിർമ്മാണത്തിന് അനുവദിച്ച 490 ലക്ഷംരൂപ 53 ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച് ഉത്തരവാകുകയും 34 ഗ്രാമപഞ്ചായത്തുകൾ പൊതുശ്മശാന നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. അനുവദിച്ച 490 ലക്ഷം രൂപയിൽ 300 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച 5 കോടി രൂപ 51 ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുകയും ഇതിൽ നിന്നും 10 ഗ്രാമപഞ്ചായത്തുകൾ പൊതു ശ്മശാന നിർമ്മാണ/നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച 500 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽഗ്രാമപഞ്ചായത്തിന് 11 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ടനുവദിക്കുകയും 33 ഗ്രാമപഞ്ചായത്തുകൾ പൊതുശ്മശാന |
| (ബി) | ഇതിലേയ്ക്കായി പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഫണ്ട് ചെലവഴിക്കപ്പെടുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | | |

| | | | |
|---|---|---|---|
| | | | നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച 550 ലക്ഷം രൂപയിൽ 350 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ പൊതുശ്മശാന നിർമ്മാണ ധനസഹായമായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പൊതുജനങ്ങളുടെ എതിർപ്പുമാണ് പൊതുശ്മശാന നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത്. |
| (സി) | പഞ്ചായത്തുകൾക്ക് അധിക ആനുകൂല്യങ്ങൾ നല്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ത്വരിതപ്പെടുത്തുന്നതിന് മുൻകൈയെടുക്കുമോ ? | (സി) | ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് എല്ലാ വിധത്തിലുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകുന്നുണ്ട്. 24.02.2014 ലെ സ.ഉ.(സാധ)നം.509/14/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിനും ഓരോ ഗ്രാമപഞ്ചായത്തിനും ശ്മശാനം നിർമ്മിക്കുന്നതിനും 2014-15 വർഷത്തിൽ സർക്കാർ ധനസഹായം 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചും ഇതേ ആവശ്യത്തിനായി കേരള ലോക്കൽ ഗവൺമെൻറ് സർവ്വീസ് ഡെലിവറി പ്രോജക്ടിൽ നിന്ന് 10 ലക്ഷം രൂപ കൂടി വിനിയോഗിക്കുന്നതിനും ശ്മശാന നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കാൻ ഭൂമിയുടെ ഫെയർ വാല്യുവിന്റെ 50 % തുക കൂടി നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ